രജിസ്ട്രേഷൻ	..	1
വിൽപ്പന നികുതി	..	1
വിദ്യാഭ്യാസം	..	1
വൈദ്യുതി ബോർഡ്	..	1
പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്	..	1
സഹകരണം	..	2
ഹോമിയോ	..	1
കാപ്പെക്സ്	..	1
ഇ.എസ്.ഐ.	..	1
കോ-ഓപ്പറേറ്റീവ് ബാങ്ക്	..	2
ആകെ	..	38

കുടുംബ കോടതി നിലനിർത്താൻ നടപടി

49 [767] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മഞ്ചേരിയിൽ പ്രവർത്തിക്കുന്ന കുടുംബ കോടതി മഞ്ചേരിയിൽത്തന്നെ നിലനിർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ, ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മഞ്ചേരിയിൽ സൗകര്യപ്രദമായ കെട്ടിടം ലഭ്യമാക്കിയാൽ കുടുംബകോടതി മഞ്ചേരിയിൽത്തന്നെ തുടർന്നുകൂടേ എന്നത് സംബന്ധിച്ച് ഹൈക്കോടതി രജിസ്ട്രാറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

ഫയർഫോഴ്സ് വകുപ്പിന്റെ നവീകരണം

50 [768] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ഫയർഫോഴ്സ് വകുപ്പിന്റെ നവീകരണത്തിനായി ഇതുവരെ എത്ര കോടി അനുവദിച്ചു;

(ബി) സംസ്ഥാനത്ത് പുതുതായി ഇനി എത്ര ഫയർസ്റ്റേഷനുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ;

(സി) ഈ സ്റ്റേഷനുകൾക്കായി സ്ഥലം തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വിശദീകരിക്കുമോ;

(ഡി) പുതുതായി ആരംഭിക്കുന്ന ഫയർസ്റ്റേഷനുകൾ എവിടെയൊക്കെയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 15,79,46,000 രൂപ.

(ബി) 28.

(സി) ജനസംഖ്യ 50,000 കവിഞ്ഞതും തീപ്പിടുത്ത സാദ്ധ്യതയുള്ള വ്യവസായ, വാണിജ്യ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നതും, കൂടാതെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ സൗജന്യമായി സ്ഥലവും കെട്ടിടവും മറ്റു സൗകര്യങ്ങളും ചെയ്തു തരുന്ന സ്ഥലങ്ങൾ എന്നിവ കണക്കിലെടുത്താണ് ഫയർസ്റ്റേഷനുകൾക്കായി സ്ഥലം തെരഞ്ഞെടുക്കുന്നത്.

(ഡി) 1. നെടുമങ്ങാട്
2. പാറശ്ശാല
3. കാട്ടാക്കട
4. കടയ്ക്കൽ
5. പരവൂർ
6. ഓയൂർ
7. കോഴഞ്ചേരി
8. മല്ലപ്പള്ളി
9. പന്തളം
10. ഹരിപ്പാട്
11. ചെങ്ങന്നൂർ
12. കടുത്തുരുത്തി
13. അടിമാലി
14. കല്ലൂർക്കാട്
15. പട്ടിമറ്റം
16. കൊടുങ്ങല്ലൂർ
17. മണ്ണാർക്കാട്
18. പട്ടാമ്പി
19. മഞ്ചേരി
20. നിലമ്പൂർ
21. കുറ്റിപ്പുറം
22. നാദാപുരം
23. കൊയിലാണ്ടി
24. മാനന്തവാടി
25. വൈത്തിരി
26. പെരിങ്ങോം
27. ഇരിട്ടി
28. ഉപ്പള.

LIBRARY ARCHIVES Kerala Legislative Assembly